പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4938 23/03/2018-ൽ മറുപടിക്ക്

## പി.കെ.കാളൻ കുടുംബപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| (എ) | 2016-17 ബജറ്റിൽ പ്രഖ്യാപിച്ച പി.കെ.കാളൻ കുടുംബപദ്ധതി നടപ്പിലാക്കി തുടങ്ങിയോ; | (എ) യും (ബി) യും | ആദിവാസി മേഖലയ്ക്ക് പുറത്ത് എല്ലാ ജില്ലകളിലും താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ സംരക്ഷണത്തിനും അവരുടെ ബഹുമുഖമായ വളർച്ചയ്ക്കുമായി പി.കെ.കാളൻ കുടുംബ സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗകുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരശേഖരണം നടത്തിയിട്ടുണ്ട്. മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായി രൂപീകരിച്ച 5.06 കോടി രൂപയുടെ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾക്കും പി.കെ.കാളൻ കുടുംബ പദ്ധതിയുടെ മാർഗ്ഗരേഖയ്ക്കും അംഗീകാരം നല്കുന്ന വിഷയം പരിശോധിച്ചു വരുന്നു. മലമ്പുഴ പഞ്ചായത്തിലെയും മറ്റ് ജില്ലകളിൽ ചിന്നിച്ചിതറി ക്കിടക്കുന്ന പട്ടികവർഗ്ഗക്കാരുടെയും സമഗ്രവികസനത്തിനായുള്ള മൈക്രോ പ്ലാനുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുമോ; | | |

സെക്ഷൻ ഓഫീസർ